
അഭിമുഖം

# പോരാടുന്ന മയിലിന്റെ നൃത്തച്ചുവടുകൾ

ഡോ. ടിൻസ് സ്വെ /സേതുദാസ്

**ഇന്ത്യയിൽ കഴിയുന്ന ഒരഭയാർത്ഥിയെന്ന നിലക്ക് ഞാനവരുടെ നയങ്ങളെ അനുഭാവപൂർണമായാണ് കാണുന്നത്. പക്ഷേ ഇന്ത്യ നടപ്പാക്കിയ *Look East* പദ്ധതി ലക്ഷ്യം കണ്ടില്ലെന്നു വേണം പറയാൻ. ബർമ്മയിൽ ജനാധിപത്യം പുനസ്ഥാപിക്കുന്നതിൽ ഇന്ത്യപോലൊരു രാജ്യത്തിന് ബൃഹത്തായൊരു പങ്ക് വഹിക്കാനാകുമെന്നതിൽ സംശയമില്ല.**



ഇന്ത്യയിലും ബർമ്മയിലും ഒരുപോലെ വാണരുളുന്ന മയിൽപ്പക്ഷി സ്വീകാര്യതയുടെയും അറിവിന്റെയും പ്രതീകമായാണ് ബുദ്ധമതത്തിൽ കടന്നുവരുന്നത്. നൂറ്റാണ്ടുകളുടെ ഉഴുതുമറിച്ചിലിനിടയിൽ നൃത്തംവച്ച് നൃത്തംവച്ച് ബർമ്മയുടെ ദേശീയ പതാകയിൽ സ്വന്തമായൊരിടം ആ മയിൽ കണ്ടെത്തി. ദേശീയ ചിഹ്നമെന്ന് മുദ്രകുത്തപ്പെടുന്നതിനും ഏറെ മുൻപ് തന്നെ ബർമ്മീസ് രാജവംശത്തിന്റെ പതാകകളിലൊപ്പംതന്നെ മയിൽ ആലങ്കാരികമായിട്ടല്ല ആരാധ്യമായിട്ടാണ് തന്റെ സ്ഥാനം നിർണയിച്ചത്. പക്ഷേ നോബൽ പുരസ്കാരം നേടിയ ഓങ് സാങ് സൂക്കി 1985-ൽ രൂപം കൊടുത്ത നാഷണൽ ലീഗ് ഫോർ ഡെമൊക്രസിയുടെ (NLD) പതാകയിൽ മയിൽ കടന്നുവരുന്നത് മായാമോഹിനിയായ നർത്തകിയായിട്ടല്ല മറിച്ച് പട്ടാളഭരണത്തെ എതിർക്കുന്ന, സ്വേച്ഛാധിപത്യത്തെ നിലംപരിശാക്കാൻ തക്കവണ്ണം പോരാട്ടവീര്യമുള്ള ഫീനിക്സ് പക്ഷിയായാണ്. എന്നാൽ തന്റെ ചിറകുകൾക്കരികിൽതന്നെ സമാധാനത്തിന്റെ പ്രതീകമെന്നോണം വെൺമ തൂകുന്ന ഒരു നക്ഷത്രത്തെയും അത് കാത്തുവച്ചു.

പീപ്പിൾസ് റിപ്പബ്ലിക് ഓഫ് ചൈന തങ്ങളുടേതെന്ന് അവകാശപ്പെടുന്ന അരുണാചൽപ്രദേശിലെ ടിബറ്റൻ അഭയാർത്ഥി കേന്ദ്രങ്ങളിലൂടെ നടത്തിയ നീണ്ട യാത്രകളിലെല്ലാം ഞാൻ ആലോചിച്ചുപോയത് ഇന്ത്യയുടെ രാജ്യാന്തര അയൽപക്കക്കാരായ ടിബറ്റിനെയും ബർമ്മയെയും കുറിച്ചുമാണ്. രണ്ടും അഹിംസ ആപ്തവാക്യമായി സ്വീകരിച്ച ബുദ്ധമത വിശ്വാസത്തെ പുണരുന്ന രാജ്യങ്ങളാണെങ്കിലും അവിടെ പുലരുന്നത് പട്ടാള ഭരണം. അറിയപ്പെടുന്നത് *പീപ്പിൾസ് റിപ്പബ്ലിക്* എന്ന പേരിലും. അരുണാചൽ പ്രദേശിലെ പൊടിപാറുന്ന നാട്ടുവഴികളിലൂടെ നടക്കുമ്പോഴും ആനപ്പുറത്തേറി ബ്രഹ്മപുത്ര നദി മുറിച്ചുകടക്കുമ്പോഴും ഞാനുൾപ്പെടുന്ന അഞ്ചംഗ സംഘത്തെ പുറംലോകവുമായി ബന്ധം നിലനിർത്താൻ സഹായിച്ച ഏക ടെക്നോളജി എന്റെ കൈവശം ഉണ്ടായിരുന്ന വേൾഡ് റിസീവർ റേഡിയോയായിരുന്നു. അതിനുപുറമെയുണ്ടായിരുന്ന ഏക ഉപകരണം

ടിബറ്റൻ കവിയും ആക്ടിവിസ്റ്റുമായ ടെൻസിൻ സുൺസ്യം കൈവശംവച്ചിരുന്ന ടിബറ്റൻ വാർത്താബുള്ളറ്റിനുകൾ മാത്രം കേൾക്കാൻ കഴിയുമായിരുന്ന മറ്റൊരു റേഡിയോയുമായിരുന്നു. എന്നാൽ പുറംലോക വാർത്തകളും വർത്തമാനങ്ങളും അറിയാൻ *ഫ്രണ്ട്സ് ഓഫ് ടിബറ്റ്* രണ്ടായിരത്തി മൂന്നിൽ രൂപം നൽകി തുടർച്ചയായി മൂന്ന് വർഷക്കാലം നിലനിർത്തിയ *Non Violent Action For Tibet* എന്ന ശിൽപ്പശാലയിലെ അംഗങ്ങൾക്ക് എന്റെ വേൾഡ് റിസീവർ തന്നെയായിരുന്നു ഏക ആശ്രയം.

ആ യാത്രാവേളയിൽ ഒരു ദിവസം രാവിലെയാണ് ബി.ബി.സി. വേൾഡ് സർവീസ് റേഡിയോ പ്രക്ഷേപണം ചെയ്ത ഒരു റെക്കോർഡഡ് സന്ദേശം കേൾക്കാനിടയായത്. നിർഭയപോരാളിയും സ്വന്തം മണ്ണിൽ തന്നെ അഭയാർത്ഥികളായി കഴിയാൻ വിധിക്കപ്പെട്ട ലക്ഷക്കണക്കിന് ബർമ്മാക്കാർ പ്രത്യാശയുടെ വിളക്കുമരമായി കാണുന്ന ഓങ് സാങ് സൂക്കിയുടെതായിരുന്നു ആ സന്ദേശം. വീട്ടുതടങ്കലിൽ കഴിയവെ അവർ പറഞ്ഞു *ഒരിക്കൽ സ്വതന്ത്രരായി കഴിഞ്ഞാൽ ബഹുഭൂരിപക്ഷവും മറ്റുള്ളവരെ സൗകര്യപൂർവം മറക്കുന്നു. സ്വാതന്ത്ര്യം അറിഞ്ഞനുഭവിക്കുന്ന ലോകജനത സ്വാതന്ത്ര്യത്തിനായി പോരാടുന്ന ബർമ്മീസ് ജനതയോടൊപ്പം നിൽക്കണമെന്ന് ഞാനഭ്യർത്ഥിക്കുകയാണ്....* മുട്ടുമടക്കാത്ത, പോരാട്ടവീര്യം നിറഞ്ഞ സൂക്കിയുടെ വാക്കുകൾ ശക്തമായ ജനാധിപത്യ അടിത്തറയുള്ള ഇന്ത്യയെപ്പോലുള്ളൊരു രാജ്യം മ്യാൻമറിൽ നടക്കുന്ന മനുഷ്യാവകാശ ലംഘനങ്ങൾക്കെതിരെയോ അവിടത്തെ പട്ടാളഭരണത്തിന്റെ അടിച്ചമർത്തലുകൾക്കെതിരെയോ ഉറച്ചൊരു നിലപാട് കൈക്കൊള്ളുന്നതിൽ പരാജയപ്പെട്ടു എന്ന സത്യത്തെ ഓർമ്മപ്പെടുത്തി. രാഷ്ട്രീയ പ്രതിസന്ധി നേരിടുന്ന ഒരു ജനതയോട് ഐക്യദാർഢ്യം പ്രഖ്യാപിക്കാൻ നമുക്കായില്ല. ടിബറ്റിന്റെ കാര്യത്തിലും മറിച്ചായിരുന്നില്ലല്ലോ നിലപാട്.

ടിബറ്റൻ ജനതയുടെ ഹൃദയത്തിൽ സ്വന്തമായൊരിടം കണ്ടെത്തിയ ഓങ് സാങ് സൂക്കി രചിച്ച *Freedom From Fear* എന്ന പുസ്തകം ടിബറ്റിലെ ജനാധിപത്യ വിശ്വാസികളുടെയും ഇന്ത്യയിൽ അഭയാർത്ഥികളായി കഴിയുന്ന ടിബറ്റൻ മനുഷ്യാവകാശ പ്രവർത്തകരു




ടെയും *ബൈബിളാണ്*. എന്നാൽ ടിബറ്റൻ ജനത ഈ *ഉരുക്കു* വനിതയെ ഓർമ്മിക്കുന്നത് അവരുടെ ക്യൂബൻ വംശജനായ 1999-ൽ അർബുദരോഗത്താൽ മരണപ്പെട്ട ഭർത്താവ് മൈക്കൾ വൈലൻ കോർട്ട് അരീസിന്റെ നാമത്തിലാണ്. 1989 മുതൽ വീട്ടുതടങ്കലിൽ പാർപ്പിച്ചിരുന്ന സൂക്കിയെ കാണാൻ രോഗബാധിതനായ മൈക്കിൾ അരീസിന് ബർമ്മീസ് ഭരണകൂടം അനുമതി നൽകിയില്ല. പകരം ബർമ്മയുടെ വാതിലുകൾ എന്നന്നേക്കുമായി കൊട്ടിയടക്കാമെന്ന വ്യാമോഹത്താൽ വേണമെങ്കിൽ ചികിൽസയിൽ കഴിയുന്ന ഭർത്താവിനെയും അദ്ദേഹത്തോടൊപ്പം കഴിയുന്ന മക്കളെയും ബ്രിട്ടനിൽ പോയി കാണാമെന്ന് പട്ടാളമേധാവികൾ പറഞ്ഞെങ്കിലും സൂക്കി വഴങ്ങിയില്ല. അവർ ടിബറ്റൻ ജനതയോടൊപ്പം തുടരുകയാണ് ചെയ്തത്. മൈക്കൾ അരീസിന്റെ അവസാന ആഗ്രഹങ്ങളിലൊന്ന് ഒരു ടിബറ്റൻ ഹിമാലയ പഠന കേന്ദ്രം സ്ഥാപിക്കുകയെന്നതായിരുന്നു. അദ്ദേഹത്തിന്റെ സ്മരണാർത്ഥം രൂപം കൊണ്ട മൈക്കൾ അരീസ് മെമ്മോറിയൽ ട്രസ്റ്റ് ഒക്സ്ഫോർഡ് സർവകലാശാലയിൽ അതിന് തുടക്കം കുറിച്ചു കഴിഞ്ഞു. ചാൾസ് രാജകുമാരനാണ് പ്രസ്തുത പഠന കേന്ദ്രത്തിന്റെ രക്ഷാധികാരികളിലൊരാൾ. മാറിയ സാഹചര്യങ്ങളിൽ പുതിയ ബർമ്മയിലേക്ക് മടങ്ങിചെല്ലുമ്പോൾ സ്വീകരിക്കപ്പെടുമെന്ന വിശ്വാസത്തിൽ തന്റെ ഔദ്യോഗിക സന്ദർശനത്തിനിടെ ബ്രിട്ടീഷ് പ്രധാനമന്ത്രി സൂക്കിയെ തന്റെ *പ്രിയങ്കരമായ ഒക്സ്ഫോർഡി*ലേക്ക് ക്ഷണിക്കുകയും ആ ക്ഷണം അവർ സ്വീകരിക്കുകയും ചെയ്യുകയുണ്ടായി.

ജനാധിപത്യമൂല്യങ്ങൾക്കുവേണ്ടി, സ്വാതന്ത്ര്യത്തിനുവേണ്ടി ബർമ്മയിലെ ജനത നടത്തിയ പോരാട്ടങ്ങൾക്ക് ലോകത്തെമ്പാടും അണികളെ സൃഷ്ടിക്കാനായി. ബർമ്മയിൽ നിക്ഷിപ്ത താൽപ്പര്യങ്ങൾ ഇല്ലാതിരുന്നിട്ടും അമേരിക്കയിൽ നിന്നും യൂറോപ്യൻ യൂണിയനിൽ നിന്നും സാമ്പത്തിക-രാഷ്ട്രീയ സഹായങ്ങൾ ബർമ്മയിലേക്ക് പ്രവഹിച്ചു. 1990-ൽ രൂപീകൃതമായ National Colition Government Of The Union Of Burma(NCGUB) എന്ന ബർമ്മയിലെ *പ്രവാസ സർക്കാരിന്* അമേരിക്ക ആസ്ഥാനമായി പ്രവർത്തിക്കാനായത് ഇത്തരമൊരു അനുകൂല സമീപനം അവർ കൈക്കൊണ്ടതുകൊണ്ടാണ്. ജനാധിപത്യവും മനുഷ്യാവകാശ മൂല്യങ്ങളും ബർമ്മയിൽ പുനസ്ഥാപി



ക്കപ്പെടുന്ന അതേ ദിവസം തന്നെ *പ്രവാസ സർക്കാരി*നെ പിരിച്ചുവിടണമെന്നാണ് അതിന്റെ പ്രധാനമന്ത്രിയായി ചുമതലയേറ്റുകൊണ്ട് സൂക്കിയുടെ അടുത്ത ബന്ധുകൂടിയായ ഡോ.സേൻ വിൻ പ്രസ്താവിച്ചത്.

NCGUB മന്ത്രിസഭയിൽ ഇൻഫർമേഷൻ ആന്റ് പബ്ലിക് റിലേഷൻസ് വകുപ്പ് കൈകാര്യം ചെയ്യുന്ന ഡോ.ടിൻസ് സ്വെ തൊഴിൽപരമായി ഭിഷഗ്വരനാണെങ്കിലും ബർമ്മയ്ക്ക് പുറത്ത് നിന്നുകൊണ്ട് തന്റെ രാജ്യത്തെ ജനങ്ങളുടെ ക്ഷേമത്തിനും രാഷ്ട്രീയ സ്വാതന്ത്ര്യത്തിനും വേണ്ടി നിരന്തരം പോരാടുന്ന പ്രമുഖരിലൊരാളാണ്. പട്ടാള ഭരണകാലത്ത് നാടുവിട്ടുപോയ ഡോ.സ്വെ 1990-ൽ നടന്ന തിരഞ്ഞെടുപ്പിൽ വിജയിച്ചിരുന്നു. തന്റെ സ്വന്തം സ്ഥാപനമായ യമുന ക്ലിനിക്കിൽ ഇന്ത്യയുടെ വടക്കുകിഴക്കൻ സംസ്ഥാനങ്ങളിൽ അഭയാർത്ഥികളായി കഴിയുന്നവർക്കായി ഡോ.ടിൻസ് സ്വെ മെഡിക്കൽ ക്യാമ്പുകൾ സ്ഥിരമായി സംഘടിപ്പിക്കുന്നു. തിരക്കേറിയ രാഷ്ട്രീയ ഇടപെടലുകൾക്കിടയിൽ നിന്ന് വരാനിരിക്കുന്ന നാളുകളിൽ ബർമ്മ രാഷ്ട്രീയപരമായി കൂടുതൽ തകിടംമറിച്ചിലുകൾക്ക് സാക്ഷ്യം വഹിക്കുമെന്ന മുഖവുരയോടെയാണ് *ഡോ.ടിൻസ് സ്വെ* സംസാരിച്ചു തുടങ്ങിയത്..

സേതുദാസ്:*ഒരു സാധാരണ ഡോക്ടറിൽ നിന്ന് ബർമ്മയുടെ രാഷ്ട്രീയ തട്ടകത്തിൽ പുറത്ത് നിന്നുകൊണ്ട് സക്രിയമായി ഇടപെടുകയും, ഓങ് സാങ് സൂക്കിയെ മോചിപ്പിക്കുന്നതിൽ നിർണായ പങ്കു വഹിക്കുകയും ബർമ്മയിലെ പട്ടാള ഭരണത്തിന് വിരാമമിട്ടുകൊണ്ട് ജനങ്ങളുടെ പോരാട്ടത്തിന് ദിശാബോധം നൽകുകയും ചെയ്ത താങ്കൾ ബർമ്മയിലെ വർത്തമാനകാല രാഷ്ട്രീയാവസ്ഥയെ എങ്ങനെ വിലയിരുത്തുന്നു?*

ഡോ.സ്വെ: ബർമ്മയിലെ പട്ടാള ഭരണത്തെ ഞാനിപ്പോഴും സംശയദൃഷ്ടിയോടെയാണ് കാണുന്നത്. കാരണം അവർ വ്യത്യസ്ത വേഷങ്ങളിൽ ഭാവങ്ങളിൽ ഇപ്പോഴും ബർമ്മയിൽ ഭരണം തുടരുന്നുണ്ട്. ഇതുവരെ ഉടലെടുത്തിട്ടുള്ള മാറ്റങ്ങളെ ഞാൻ തീർച്ചയായും സ്വാഗതം ചെയ്യുന്നു. കാരണം അടിച്ചമർത്തലുകൾക്കും ക്രൂരമായ പീഡനങ്ങൾക്കും അവിടെ അറുതി വന്നിട്ടുണ്ട്. പക്ഷേ ഇനിയുമേറെ മാറ്റങ്ങൾ സംഭവിക്കേണ്ടതുണ്ട്. അഴിച്ചുപണി സാധ്യമല്ലാത്ത ഭരണഘടന തന്നെ ജനാധിപത്യ വിരുദ്ധമാണ്. ബർമ്മയിലെ തെരുവുകളിൽ നാമിന്നും കാണുന്നത് പഴയ ദൃശ്യങ്ങൾ തന്നെയാണ്. ന്യൂനപക്ഷങ്ങളുടെ ജീവിതസാഹചര്യങ്ങളിൽ മാറ്റമുണ്ടായിട്ടില്ല. പ്രത്യാശയുടെ കിരണങ്ങൾ കാണാൻ കഴിയുന്നെങ്കിലും ഇപ്പോഴും ഞങ്ങൾ ഇരുട്ടിൽ തന്നെയാണ് കഴിയുന്നത്.

സേതുദാസ്: *പട്ടാള ഭരണം ബർമ്മയിൽ കൊണ്ടുവരാൻ ആഗ്രഹിച്ച വിദേശ നിക്ഷേപവും, വ്യാപാര സാധ്യതകളും , വിദേശ സന്ദർശകരുമെന്ന ഫോർമുല തന്നെയാണ് ഓങ് സാങ് സൂക്കിയും പിന്തുടരുന്നതെന്ന് പറഞ്ഞുകേൾക്കുന്നു. ഇത് എത്രത്തോളം ശരിയാണ്?*

ഡോ.സ്വെ: കണക്കുക്കൂട്ടലുകൾ നടത്തിക്കൊണ്ടുള്ള ഒരു റിസ്ക്കാണ് സൂക്കി ഏറ്റെടുക്കുന്നത്.പട്ടാള മേധാവികൾ പൊതുനന്മലാക്കാക്കിയല്ല ഈ മാറ്റങ്ങൾ കൊണ്ടുവരാൻ ശ്രമിച്ചിട്ടുള്ളത്. ഭരണം തുടരാൻ സഹായകരമായ പോംവഴി എന്ന നിലക്കാണ് അവരതിനെ കണ്ടത്. അറബ് രാജ്യങ്ങളിൽ സംഭവിച്ച മാറ്റങ്ങൾ അവരെ പുതിയ പാഠങ്ങൾ പഠിപ്പിച്ചു. ജനാധിപത്യവിരുദ്ധ ഭരണകൂടങ്ങൾക്ക് കാലാതീതമായി തുടരാനാവില്ലെന്നും നീതി നടപ്പിലാക്കപ്പെടുമെന്നും അവർ തിരിച്ചറിഞ്ഞു. ഇരുപത്തിയാറ് വർഷം നീണ്ടുനിന്ന ജനറൽ നെവിന്നിന്റെ ഭരണം ജനങ്ങളെ അന്ധരാക്കിയെങ്കിൽ 27 വർഷം തുടർന്ന പട്ടാള ഭരണം ജനങ്ങളെ പൊറുതി മുട്ടിച്ചു. പുതിയ മാറ്റങ്ങൾ പുത്തൻ സാധ്യതകൾക്ക് വഴിതുറക്കുമെന്നുതന്നെയാണ് എന്റെ വിശ്വാസം.



*ഡോ.ടിൻസ് സ്വെ*

സേതു: *ബർമ്മയിലെ പട്ടാള ഭരണത്തിനെതിരായ പ്രക്ഷോഭം നടക്കുമ്പോൾ പട്ടാള ഭരണകൂടവുമായി ചർച്ച നടത്തി ഉടമ്പടി ഒപ്പുവക്കാൻ നയപ്രതിനിധി സംഘത്തെ അയച്ച ഏക രാജ്യം ഇന്ത്യയാണ്. ഇന്ത്യ കൈക്കൊണ്ട രാഷ്ട്രീയ ഇടപെടലിലും ഏതാനും ദശാബ്ദങ്ങൾ നീണ്ട സഹായസഹകരണങ്ങളിലും താങ്കൾ തൃപ്തനാണോ?*

ഡോ.സ്വെ: ബർമ്മയുടെ മേൽ ഇന്ത്യ കൈക്കൊണ്ട നിലപാടിനെക്കുറിച്ച് പറയുമ്പോൾ എനിക്ക് *undiplomatic* ആകേണ്ടിവരുന്നു. ഓരോ രാജ്യത്തിനും അവരവരുടെതായ ദേശീയ താൽപ്പര്യങ്ങളുണ്ടാകും. ഇന്ത്യയിൽ കഴിയുന്ന ഒരഭയാർത്ഥിയെന്ന നിലക്ക് ഞാനവരുടെ നയങ്ങളെ അനുഭാവപൂർണമായാണ് കാണുന്നത്. പക്ഷേ ഇന്ത്യ നടപ്പാക്കിയ *Look East* പദ്ധതി ലക്ഷ്യം കണ്ടില്ലെന്നു വേണം പറയാൻ. ബർമ്മയിൽ ജനാധിപത്യം പുനസ്ഥാപിക്കുന്നതിൽ ഇന്ത്യപോലൊരു രാജ്യത്തിന് ബൃഹത്തായൊരു പങ്ക് വഹിക്കാനാകുമെന്നതിൽ സംശയമില്ല. സൂക്കിയുടെ ഈ നിരീക്ഷണത്തോട് ഞാനും യോജിക്കുന്നു. ഇന്ത്യയിൽ നിന്ന് ഉപാധികളില്ലാത്ത സഹായമാണ് ഞങ്ങൾക്ക് ലഭിച്ചിട്ടുള്ളത്. ഈ രാജ്യത്തെ ജനങ്ങൾ സ്വാതന്ത്ര്യത്തെയും ജനാധിപത്യമൂല്യങ്ങളെയും ഏറെ വിലമതിക്കുകയും ചെയ്യുന്നു. പക്ഷേ, ഭരണത്തെ അനുകൂലിക്കുന്ന നയം ഇന്ത്യ ഇപ്പോഴും തുടരുന്നുണ്ടെങ്കിലും അതെത്രത്തോളം ആ രാജ്യത്തിന് ഗുണകരമാവുമെന്ന് എനിക്ക് സംശയമുണ്ട്.

സേതു: *പട്ടാളഭരണ പ്രക്ഷോഭകാരികളെ 2007-ൽ അടിച്ചമർത്തുമ്പോൾ നടമാടിയ മനുഷ്യാവകാശധ്വംസനങ്ങളെ ചോദ്യംചെയ്യാൻ മടിച്ച ഇന്ത്യയുടെ നിലപാട് ഏറെ അപലപിക്കപ്പെട്ടതാണ്. ബർമ്മയുടെ അഭ്യന്തരപ്രശ്നങ്ങളിൽ കൈകടത്താൻ താൽപ്പര്യമില്ലെന്ന് ഇന്ത്യ പ്രഖ്യാപിക്കുകയും ചെയ്തിരുന്നു. ഇന്ന് സൂക്കിയെ ആനയിക്കാൻ ചൈനയോട് മൽസരിക്കുന്നതും ഇന്ത്യ തന്നെ. ഇതുകണ്ട് അത്ഭുതപ്പെടുന്നുണ്ടോ?*

ഡോ.സ്വെ: ഇന്ത്യയോടും ചൈനയോടും മാത്രമല്ല തായ്‌ലണ്ട്, ബംഗ്ലാദേശ്, ലാവോസ് എന്നീ രാജ്യങ്ങളോടെല്ലാം ഞങ്ങൾക്ക് തുല്യ ബഹുമാനമാണുള്ളത്. കാരണം ഈ രാജ്യങ്ങ




ളെല്ലാംതന്നെ ബർമ്മയുമായി അതിർത്തി പങ്കിടുന്നവരാണ്. അയൽക്കാരാണ്. ഇവർ എല്ലാവരുമായും നല്ല ബന്ധമാണ് ഞങ്ങൾ കാംക്ഷിക്കുന്നത്. ഇക്കാര്യത്തിൽ ജനങ്ങളുടെ വികാരം പ്രധാനപ്പെട്ടതാണ്. ഇന്ത്യയോടും ചൈനയോടും ഒരേ വികാരമാണ് പുലർത്തുന്നത്. *A friend in need is a friend in deed* എന്നത് സത്യത്തിൽ ഒരു ബർമ്മീസ് പഴമൊഴിയാണ്. പ്രശ്നങ്ങളെല്ലാം ഒതുങ്ങിയെന്നു കാണുമ്പോൾ പൂക്കളുമായി വരുന്നവരുണ്ട്. പക്ഷേ, പ്രശ്നബാധിതകാലത്ത് ഇവരെയാരും കണ്ടിട്ടില്ല.

സേതു: *രാഷ്ട്രീയ ഭേദഗതികൾ നടപ്പിലാക്കാനും നിയന്ത്രണങ്ങൾ എടുത്തുകളഞ്ഞ് പുതിയ സമവാക്യങ്ങൾ പ്രായോഗികമാക്കാനും ബർമ്മക്ക് എത്രകാലം വേണ്ടിവരും?*

ഡോ.സ്വെ: പുതിയ ജനാധിപത്യ ബർമ്മയെ മാറോടണക്കാൻ കാത്തിരിക്കുകയാണ് ലോക ജനത. നിയന്ത്രണങ്ങൾ എടുത്തുകളയാൻ താമസിക്കുമെന്നാണ് ഞാൻ കരുതുന്നത്. കാരണം ഏറെ പ്രയാസപ്പെട്ടാണ് അവ നടപ്പിലാക്കിയത്. അതിനു വേണ്ടി നൂറുകണക്കിന് രാഷ്ട്രീയ പ്രവർത്തകരുടെ ജീവനാണ് ഹോമിക്കപ്പെട്ടത്. ബർമ്മയിലെ യഥാർഥ അവസ്ഥ തിരിച്ചറിയാൻ ശ്രമിക്കാതെ വിമർശിക്കുന്ന രാഷ്ട്രീയ നിരീക്ഷകരാണ് അധികവും. അവർ തിയറികളെക്കുറിച്ചുമാത്രമാണ് സംസാരിക്കുന്നത്. മാത്രമല്ല ബർമ്മീസ് മിലിട്ടറിയുടെ ആനുകൂല്യങ്ങൾ അവർ കൈപ്പറ്റുന്നുണ്ടാവണം. സമരം ചെയ്യുന്നവരെ നിഷ്ഠൂരമായി ഇനി അമർച്ച ചെയ്യില്ല എന്ന ഉറപ്പുതരാൻ ആർക്കുമാവുന്നില്ല എന്നതാണ് സ്ഥിതി. 1988-ൽ പ്രകടനം നടത്തിയ വിദ്യാർത്ഥികളെയും 2007-ൽ പ്രതിഷേധിച്ച സന്യാസികളെയും ക്രൂരമായി കൈകാര്യം ചെയ്തത് ഇനിയും ജനങ്ങൾ മറന്നിട്ടില്ല. സൂക്കിക്കെതിരെ 2003-ൽ സംഭവിച്ചതുപോലെ ഇനിയും വധശ്രമം നടക്കില്ലെന്ന് പറയാനാവില്ല. ലക്ഷക്കണക്കിന് അഭയാർത്ഥികളും തൊഴിലാളികളും തികച്ചും അനിശ്ചിതാവസ്ഥയിൽ നിരാശപ്പെട്ട് കഴിയുകയാണ്. സ്വന്തം മണ്ണിലേക്ക് മടങ്ങാനാവുമെന്ന പ്രതീക്ഷ അവർ കൈവിടുകയാണ്. പുതിയ നയങ്ങൾ ബർമ്മയിലെ സ്വേച്ഛാധിപത്യ രീതികളെ പൂർവാധികം ശക്തിപ്പെടുത്തിയിരിക്കുന്നു.

സേതു: *അമേരിക്കയിൽ നിന്നും ധനസഹായവും ടെക്നോളജിയും ബർമ്മ പ്രതീക്ഷിക്കുന്നു എന്നാൽ തങ്ങളുടെ ദീർഘകാല രാഷ്ട്രീയ-വ്യവസായ പങ്കാളിയായ ചൈനയെ കൈവിടാനും അവർ ഒരുക്കമല്ല. ചൈനയെ സംബന്ധിച്ചിടത്തോളം ബർമ്മയുമായി കച്ചവട ബന്ധം നിലനിൽക്കുന്നിടത്തോളം ഇന്ത്യാമഹാസമുദ്രത്തിലേക്കുള്ള വാതിലാണ് തുറന്നു കിടക്കുന്നത്. ഇന്ത്യക്കും ഇതേ മേഖലയിൽ രാഷ്ട്രീയ താൽപ്പര്യങ്ങളുണ്ട്. ഇത്തരമൊരു അവസ്ഥയിൽ ദേശാന്തര രാഷ്ട്രീയ കലഹങ്ങളുടെ ഏഷ്യൻ തട്ടകമായി ബർമ്മ മാറാനുള്ള സാധ്യത എത്രത്തോളമാണ്?*

ഡോ.സ്വെ: ദേശാന്തര തലത്തിൽ ബർമ്മയുടെ പ്രാധാന്യം വർധിച്ചിട്ടുണ്ട്. പുതിയ സാഹചര്യങ്ങളിൽ ചൈനയുടെ മേൽക്കോയ്മ ക്ഷയിക്കുകയും ഇന്ത്യയുടെ ഇടപെടൽ വർധിക്കുകയും ചെയ്യും. ഇന്ത്യയും ചൈനയും തമ്മിലുള്ള വൈര്യം ബർമ്മയെ ബാധിക്കുന്നുണ്ട്. ഇപ്പോഴത്തെ അവസ്ഥയിൽ അമേരിക്ക, യൂറോപ്യൻ യൂണിയൻ, ചൈന, ഇന്ത്യ എന്നീ രാജ്യങ്ങളിൽ നിന്നെല്ലാം ഒരുപോലെ നല്ല കാര്യങ്ങൾ ബർമ്മ സ്വീകരിക്കേണ്ടതുണ്ട്.

സേതു: *ബർമ്മക്ക് സ്വാതന്ത്ര്യം എന്നു പറയുമ്പോൾ അത് വിദേശശക്തികളെ ആനയിക്കാനുള്ള അവസരമെന്നും വിവക്ഷിക്കാം. പട്ടാളഭരണ കാലത്ത് ഇതൊട്ടില്ലാതിരുന്നു താനും. വിദേശശക്തികൾ ബർമ്മയിൽ ചെലുത്താൻ ഇടയുള്ള സ്വാധീനത്തെക്കുറിച്ച് താങ്കൾക്ക് ആശങ്കകളുണ്ടോ?*

ഡോ.സ്വെ: കാതലായ മാറ്റങ്ങൾക്ക് വിധേയമാകുന്ന രാഷ്ട്രീയ സാഹചര്യങ്ങളിൽ ഒത്തുതീർപ്പുകൾക്ക് വളരെയേറെ പ്രാധാന്യമുണ്ട്. ഏറ്റവും നല്ല കേന്ദ്രങ്ങളിൽ നിന്ന് മികച്ച സഹായങ്ങൾ തേടണമെന്നാണ് ബർമ്മയിലെ യുവജനത കരുതുന്നത്. വിലകുറഞ്ഞതും നിലവാരമില്ലാത്തതുമായ ആയുധങ്ങളെ ആശ്രയിക്കാനുള്ള സമയമല്ലിത്. എണ്ണത്തേക്കാൾ ഗുണത്തിൽ മേന്മയേറിയ സായുധ ശൃംഖലയാണ് ബർമ്മക്കാവശ്യം. വൺമാൻ-ഷോ ഭരണം അനുഭവിക്കേണ്ടി വന്ന ബർമ്മ ഇനിയും അതാവർത്തിക്കാൻ ആഗ്രഹിക്കുന്നില്ല. ആരാണ് മിത്രങ്ങളെന്നും ആരാണ് ശത്രുക്കളെന്നും ബർമ്മ തിരിച്ചറിഞ്ഞിരിക്കുന്നു. നാഷണൽ ലീഗ് ഫോർ ഡെമൊക്രസി (NLD) എഴുതി തയാറാക്കിയ ഒരു പ്രബന്ധത്തിന്റെ തലക്കെട്ട് തന്നെ സ്ഥിര മിത്രങ്ങളില്ല, സ്ഥിര ശത്രുക്കളില്ല എന്നതാണ്.

*വിവർത്തനം: സുനിൽ ഞാളിയത്ത്*

■